**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4112** **09-08-2021 - ൽ മറുപടിയ്ക്ക്**

**കൊടുവള്ളി മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊടുവള്ളി നിയോജകമണ്ഡലത്തിൽ നിലവിൽ നടന്നുവരുന്ന വിവിധ പൊതുമരാമത്ത് പദ്ധതികളുടെ പേരുവിവരം, അനുവദിച്ച തുക, അവയുടെ പ്രവർത്തനപുരോഗതി എന്നിവ ഇനം തിരിച്ച് ലഭ്യമാക്കുമോ? | (എ) | കൊടുവള്ളി നിയോജകമണ്ഡലത്തിൽ പാലം വിഭാഗത്തിനു കീഴിൽ കരിങ്കുറ്റിക്കടവ് പാലത്തിന് 350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. പടനിലം പാലം പ്രവൃത്തിക്ക് 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതിയുടെ കാലാവധി കാലഹരണപ്പെട്ടതിനാൽ പുതുക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. നടമ്മൽക്കടവ് പാലം പ്രവൃത്തിക്ക് 840 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. നേരത്തെ അക്വയർ ചെയ്ത സ്ഥലത്തോ അല്ലെങ്കിൽ പുറമ്പോക്കോ ആയ സ്ഥലം കയ്യേറ്റമുണ്ടെന്ന് കണ്ടെത്തിയതിനാൽ അത് ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മുക്കംകടവ് പാലം പ്രവൃത്തിക്ക് 63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡിസൈൻ ലഭ്യമാക്കുന്നതിലേക്കായി 1.90 ലക്ഷം രൂപയുടെ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. ദേശീയപാത വിഭാഗത്തിനു കീഴിൽ 2019-20 കേന്ദ്ര വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും 35.42 കോടി രൂപയുടെ ഭരണാനുമതിയും, സാമ്പത്തികാനുമതിയും, സാങ്കേതികാനുമതിയും ലഭിച്ച ദേശീയപാത 766 ൽ കി.മീ 25/00 മുതൽ 45/00 വരെയുള്ള റോഡിന്റെ ബലപ്പെടുത്തൽ പ്രവൃത്തി പുരോഗമിച്ചു വരുന്നു. കെ.എസ്.റ്റി.പി വിഭാഗത്തിനു കീഴിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ട കൊയിലാണ്ടി - താമരശ്ശേരി - മുക്കം റോഡ് വികസന പ്രവൃത്തിക്ക് 225.68 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ പ്രവൃത്തി പ്രാരംഭഘട്ടത്തിലാണ്. നിരത്ത്, കെട്ടിടം, കിഫ്ബി |

| | | | |
|---|---|---|---|
| | | | വിഭാഗങ്ങൾക്കു കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# നിരത്തുവിഭാഗം

| കൊടുവള്ളി നിയോജകമണ്ഡലത്തിൽ നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ | | | |
|---|---|---|---|
| ക്രമ നം. | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | നിലവിലുള്ള അവസ്ഥ |
| 1 | BUDGET പ്രവൃത്തി - കൊടുവള്ളി ടൗൺ അഭിവൃദ്ധിപ്പെടുത്തലും കൊടുവള്ളി പാലം അപ്രോച്ച് റോഡ് വീതി കൂട്ടലും | 300 | കൊടുവള്ളി ടൗൺ ഹാന്റ് റെയിൽ/ ഇന്റർ ലോക്ക് പ്രവൃത്തി 70% പുരോഗതി |
| 2 | BUDGET പ്രവൃത്തി - പന്നൂർ - നരിക്കുനി - പുന്നശ്ശേരി റോഡ് കിമീ. 0/000 മുതൽ 4/800 വരെയുള്ള പുനരുദ്ധാരണപ്രവൃത്തി. | 700 | ഓവുചാൽ പ്രവൃത്തി പുരോഗമിക്കുന്നു. 7% പുരോഗതി |
| 3 | BUDGET പ്രവൃത്തി - തച്ചംപൊയിൽ- ഈർപ്പോണ-പരപ്പൻപൊയിൽ റോഡ് (തച്ചംപൊയിൽ - വാടിക്കൽ) കി.മീ. 0/000 മുതൽ 3/500 വരെ | 500 | BM&BC യും Road Marking-ഉം പൂർത്തീകരിച്ചു. 99% പുരോഗതി |
| 4 | BUDGET പ്രവൃത്തി - നെല്ലാങ്കണ്ടി - ആവിലോറ - കത്തറമ്മൽ - ചോയിമഠം ആനപ്പാറ - പാടത്തുംകുഴി പുനൂർ റോഡ് കിമീ. 2.800 പുനരുദ്ധാരണപ്രവൃത്തി. | 300 | Agreement ഒപ്പുവെച്ചു. പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു |
| 5 | BUDGET പ്രവൃത്തി - ഓമശ്ശേരി ബൈപ്പാസ് നിർമ്മാണം | 60 | PWD Investigation wing ന്റെ Investigation work പുരോഗമിക്കുന്നു |
| 6 | BUDGET പ്രവൃത്തി - ആവിലോറ - പുത്തലത്ത് - മടവൂർ മുക്ക് റോഡ് കിമീ.0/000 മുതൽ 4/700 വരെ പുനരുദ്ധാരണപ്രവൃത്തി. | 500 | Agreement ഒപ്പുവെച്ചു. Levels എടുത്തു |
| 7 | NABARD പ്രവൃത്തി - കൂടത്തായ് - കോടഞ്ചേരി റോഡിൽ കിമീ.0/000 മുതൽ 3/200 വരെ ബി.എം. ബിസി പുനരുദ്ധാരണപ്രവൃത്തി. | 500 | ഓവുചാൽ പ്രവൃത്തി, കലുങ്ക് പ്രവൃത്തിയും സംരക്ഷണഭിത്തി കെട്ടൽ പ്രവൃത്തിയും പുരോഗമിക്കുന്നു |
| 8 | KIIFB പ്രവൃത്തി-താമരശ്ശേരി - വരട്ട്യാക്കൽ റോഡ് ( പാർട്ട് 1 - കിമീ.0/000 മുതൽ 14/675 പാർട്ട് 2 വരെ കിമീ.0/000 മുതൽ 3/200 വരെ) | 3600 | താമരശ്ശേരി - വരട്ട്യാക്കൽ റോഡ് DBM പ്രവൃത്തി പൂർത്തീകരിച്ചു 85 % പ്രവൃത്തി പൂർത്തീകരിച്ചു. |

# കെട്ടിടവിഭാഗം

| Sl. No. | Name of Project | Estimate Amount | Physical Progress |
|---|---|---|---|
| 1 | CHMKM Govt. Arts & Science College, Koduvally | 475 Lakh | Soil investigation works arranged |
| 2 | Annual Plan 2020-21 – Construction of School Building of Govt. MLP School, Kalaranthiri | 50 Lakh | Work started |
| 3 | Construction of rest house building at Koduvally Kozhikode | 265 Lakh | Land not hand over |
| 4 | NABARD RIDF Tranche – XXIII Infrastructure work for school under RMSA – Construction of Bath room, Kitchen and Dining Hall at GMUPS Raroth | 200 Lakh | Selection Notice to be issued |
| 5 | H&FWD – Infrastructure development works to Kattipara Family Health Centre - Koduvally | 150 Lakh | TS estimate under preparation |
| 6 | H&FWD – NABARD – Assistance RIDF XXI (2015-16) – Infrastructure for Govt. Taluk Hospital, Thamarassery | 1279 Lakh | Part TS issued first floor and 2nd floor of OP Block for Rs. 360 Lakh. First floor column completed 50% |
| 7 | General – Renovatin of Election Annex attached to Mini Civil Station, Thamarassery, Kozhikode | 27 Lakh | Single bid received to be submitted to approval |
| 8 | Infrastructure development works to Narikuni Govt. Health Centre, Koduvally | 300 Lakh | AR Drawing to be prepared |
| 9 | Infrastructure development works to Koduvally Govt. Health Centre, Koduvally | 300 Lakh | AR Drawing to be prepared |
| 10 | Infrastructure development works to Madavoor Family Health Centre, Koduvally | 150 Lakh | TS estimate under preparation |

# കിഫ്ബി

| Sl No. | പ്രവൃത്തിയുടെ പേര് | സാമ്പത്തികാനുമതി തുക (കോടിയിൽ) | പ്രവർത്തനപുരോഗതി |
|---|---|---|---|
| 1 | പാരപ്പൻപൊയിൽ - കരക്കുന്നത്ത് റോഡ് | 45.27 | ലാൻഡ് റീലിങ്കിഷ്മെന്റ് നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഫ്രീസറണ്ടർ ആയി സ്ഥലം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. |
| 2 | മാവൂർ NIT കൊട്ടുവള്ളി റോഡ് | 52.20 | 198.59 സെൻറ് സ്ഥലം പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനായി അതിർത്തി നിർണ്ണയിക്കുവാനുള്ള കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| 3 | REC കൂടത്തായി റോഡ് | 45.22 | ലാൻഡ് റീലിങ്കിഷ്മെന്റ് നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഫ്രീസറണ്ടർ ആയി സ്ഥലം ലഭ്യമാക്കുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത് |
| 4 | താമരശ്ശേരി വരട്ട്യാക്കൽ റോഡ് | 36.00 | പ്രവൃത്തി പുരോഗമിക്കുന്നു 90% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**